## പ്രതികരണം

●

# ലജ്ജാകരം, ഈ കൂട്ടായ്മ

ബാവ കെ. പാലുകുന്ന് വയനാട്

**2010** ജൂൺ 3–ന് പുറത്തിറങ്ങിയ *മാതൃഭൂമി* ദിനപത്രത്തിൽ കൊച്ചിയിൽനിന്നുള്ള ഒരു വാർത്തയുണ്ട്. വിമർശനങ്ങളോട് സഹിഷ്ണുത പുലർത്താൻ മതങ്ങൾ തയാറാവണമെന്നാവശ്യപ്പെട്ടുകൊണ്ട് മൂന്ന് സംഘടനകളുടെ നേതാക്കൾ നടത്തിയ സംയുക്ത പത്രസമ്മേളനത്തിന്റെ വാർത്തയാണത്. മതവിമർശനത്തെ മതനിന്ദയാണെന്നു പ്രചരിപ്പിച്ച് അക്രമം അഴിച്ചുവിടുന്നത് കേരളത്തിൽ വ്യാപകമായിട്ടുണ്ടെന്നും ഇസ്‌ലാം മതത്തിലെ ഒരു വിഭാഗം ഇതിന് നേതൃത്വം കൊടുക്കുന്നുണ്ടെന്നും ഇവർ ആരോപിക്കുന്നു. തൊടുപുഴ ന്യൂമാൻ കോളേജിലെ വിവാദ ചോദ്യപേപ്പർ തയാറാക്കിയ അധ്യാപകനും പത്തനംതിട്ടയിൽ 'ചിൻവാദ് പാലം' എന്ന പുസ്തകം വിതരണം ചെയ്ത മിഷനറി പ്രവർത്തകരും നിരപരാധികളാണെന്നും കുറ്റാരോപിതരെ പീഡിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നുമാണ് ഇവരുടെ പ്രധാന ആവശ്യം. 'സംസ്ഥാനത്ത് താലിബാനിസം പടരുന്നു' എന്ന ശീർഷകത്തിൽ മാധ്യമത്തിലും (ജൂൺ 4) ഈ വാർത്തയുണ്ട്.

വസ്തുതകളെ സമർഥമായി വക്രീകരിക്കുകയും മുസ്‌ലിം വിരോധം എന്ന ഏക അജണ്ടയിൽ ഒരുമിച്ച് പത്രസമ്മേളനത്തിനെത്തുകയും ചെയ്തവർ ആരൊക്കെയാണെന്നറിയുമ്പോൾ ആരും അത്ഭുതപ്പെട്ടുപോകും. യുക്തിവാദിസംഘം, ഹിന്ദു ഐക്യവേദി; ഒപ്പം കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യയും!

യുക്തിവാദികളും ഹിന്ദു വർഗീയ വാദികളും മുസ്‌ലിം വിരുദ്ധ ഐക്യവേദി തീർത്ത് രഹസ്യമായും പരസ്യമായും ഒ

ന്നിക്കുന്നത് ആദ്യമായല്ല. അപൂർവം സന്ദർഭങ്ങളിലെങ്കിലും, കത്തോലിക്കാ മെത്രാന്മാരും ഈ കൂട്ടായ്മയിൽ കൈകോർത്തിട്ടുണ്ട്. സംഘ്പരിവാർ ബുദ്ധികേന്ദ്രങ്ങൾ തൊടുത്തുവിട്ട 'ലൗ ജിഹാദ്' വിവാദം ഉദാഹരണം. ലൗ ജിഹാദ് വഴി മതം മാറ്റിയ പെൺകുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്കുപോലും കത്തോലിക്കാ ജാഗ്രതാസമിതിക്കാർ ആധികാരികമെന്നോണം എഴുന്നള്ളിച്ചു. മാസങ്ങളോളം മലയാളമാധ്യമങ്ങളിൽ നിറഞ്ഞുനിന്ന നുണക്കഥകളുടെ പ്രചാരകരായി 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന പോലെ യുക്തിവാദികളും പ്രസ്താവനകളുമായെത്തി. 'യുക്തിരേഖ'യുടെ താളുകൾ വിഷലിപ്തമായ പ്രചാരണത്തിനുപയോഗിച്ചു. ഒടുക്കം ലൗ ജിഹാദ് ഉണ്ടോ എന്നതിൽ ഉറപ്പില്ലെന്ന് യുക്തിവാദി നേതാവിനു തന്നെ സമ്മതിക്കേണ്ടി വന്നു. (യു. കലാനാഥൻ *മാതൃഭൂമി* വാരിക 87:51).

സമാന സംഭവങ്ങൾ വേറെയുമുണ്ട്. മലയാളത്തിന്റെ പ്രിയകഥാകാരി മാധവിക്കുട്ടി മതംമാറി സുരയ്യയായപ്പോഴും മരണാനന്തരം, മാതാവിന്റെ ഇംഗിതമനുസരിച്ച് സംസ്കാരച്ചടങ്ങുകൾ നടത്താൻ മക്കൾ തയാറായപ്പോഴും നാടെങ്ങും വിവാദങ്ങളുടെ കൊടുങ്കാറ്റായിരുന്നു. മതംമാറി എന്ന 'മഹാ

പരാധ'ത്തിന്റെ പേരിൽ സംസ്ഥാന സർക്കാർ സുരയ്യക്ക് എഴുത്തച്ഛൻ പുരസ്കാരം നൽകുന്നതിനെപോലും ഭാരതീയ വിചാര കേന്ദ്രക്കാർ എതിർത്തു കളഞ്ഞു! തീർന്നില്ല, അവർ ഭൗതിക ലോകത്തോട് വിടപറഞ്ഞ സന്ദർഭത്തിൽ 'സുറയ്യയെ ഒരു മതവിഭാഗത്തിന്റെ മതിൽക്കെട്ടിനുള്ളിൽ സംസ്കരിക്കരുതെന്ന്' യുക്തിവാദി സംഘം സംസ്ഥാന പ്രസിഡന്റും ഹിന്ദുഐക്യവേദി സംസ്ഥാന സെക്രട്ടറിയും ഒരേ സ്വരത്തിലാവശ്യപ്പെട്ടു. ഇപ്പോഴാകട്ടെ, പഴയ ശരീഅത്ത് വിവാദ കാലത്തെ അനുസ്മരിപ്പിക്കും വിധം യുക്തിവാദികൾ സംഘ്പരിവാറിന്റെ ആലയിൽ ചമ്രം പടിഞ്ഞിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

മുസ്‌ലിംകളുടെ സഹിഷ്ണുതയില്ലായ്മക്കെതിരെ ഇക്കൂട്ടർ നടത്തുന്ന വാചകക്കസർത്ത് കേട്ടാൽ ചരിത്രബോധമുള്ള ആരും ഊറിച്ചിരിച്ചുപോകും. കേരളത്തിലെ യുക്തിവാദികളേറെയും കമ്യൂണിസ്റ്റ് പാർട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരോ, കമ്യൂണിസ്റ്റ് സ്വർഗം പണിയാൻ ജീവിതം തന്നെ ഹോമിച്ചവരോ ഒക്കെയാണല്ലോ. 'യേശു ക്രിസ്തു പുനരവതരിക്കുമെന്ന വിശ്വാസികളുടെ സ്വപ്നം യാഥാർഥ്യമാവുകയാണെങ്കിൽ അത് ഭൂമിയിലെ സ്വർഗമായ കമ്യൂണിസ്റ്റ് റഷ്യയിലായിരിക്കു'മെന്നെഴുതിയ കുറ്റിപ്പുഴ കൃഷ്ണപിള്ളയെ യുക്തിവാദികൾ മറക്കാനിടയില്ല. 'യുക്തിവാദം പ്രചരിപ്പിക്കേണ്ടത് കമ്യൂണിസ്റ്റ് പാർട്ടികളുടെ ചരിത്രപരമായ കടമയാണെന്ന്' യു. കലാനാഥനെപ്പോലുള്ളവർ ഇപ്പോഴും പാർട്ടി നേതാക്കളെ ഉപദേശിക്കുന്നുമുണ്ട് (*മാതൃഭൂമി* വാരിക 87:51). അതുകൊണ്ടു തന്നെ യുക്തിവാദികളുടെ ഓർമയിലേക്കായി ചിലതു പറയട്ടെ:

നിങ്ങൾ സ്തോത്രം ചൊല്ലുന്ന കമ്യൂണിസ്റ്റുകൾ വിമർശനങ്ങളോട് പുലർത്തുന്ന സഹിഷ്ണുതയറിയാൻ ദയവായി സി.ആർ നീലകണ്ഠനോടും സക്കറിയയോടും ചോദിക്കുക. പാർട്ടി നിലപാടിനെ വിമർശിച്ച് കവിതയെഴുതിയാൽ എന്തു സംഭവിക്കുമെന്ന് കവി കെ.സി ഉമേഷ് ബാബുവിനോടു ചോദിക്കുക. നേതാക്കളെ അപകീർത്തിപ്പെടുത്തുന്ന വിധം ലേഖനമെഴുതിയാൽ അനന്തരഫലമെന്താവുമെന്ന് 'പാഠം' പ്രവർത്തകർ വിശദീകരിച്ചുതരും. എന്തിന്, കമ്യൂണിസ്റ്റുകളെ പഴിചാരണം? മതത്തിന്റെയും വിശ്വാസത്തിന്റെയും കാര്യത്തിൽ, ഇപ്പോൾ പറയുന്ന സഹിഷ്ണുത എപ്പോഴെങ്കിലും യുക്തിവാദികളുടെ വിമർശനത്തിലുണ്ടായിട്ടുണ്ടോ?

യുക്തിവാദികളോടൊപ്പമെത്തി മുസ്‌ലിംകളോട് സഹിഷ്ണുതയുപദേശിക്കുന്ന ഹിന്ദു ഐക്യവേദിക്കാർ, അതിന്റെ അൽപമെങ്കിലും വിഖ്യാത ചിത്രകാരൻ എം.എഫ് ഹുസൈനോടു കാണിച്ചിരുന്നെങ്കിൽ അദ്ദേഹം ഇന്ത്യൻ പൗരത്വം പോലും ഉപേക്ഷിക്കേണ്ടി വരുമായിരുന്നില്ല. ഭാരതമാതാവിനെ മോശമായി ചിത്രീകരിച്ച ഹുസൈന്റെ കൈവെട്ടി ബാൽതാക്കറെക്കു മുമ്പിൽ സമർപ്പിക്കുന്നവർക്ക് അരലക്ഷം രൂപയാണ് ശിവസേനക്കാർ ഇനാം പ്രഖ്യാപിച്ചത് (*മാതൃഭൂമി* 7-3-2006). തസ്‌ലീമാ നസ്‌റീന്റെയും സൽമാൻ റുഷ്ദിയുടെയും ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി ആർ.എസ്.എസ് മുഖപത്രമായ *കേസരി*യിലൂടെ വീറോടെ വാദിച്ചവർ ഹുസൈനെ അങ്ങേയറ്റം അധിക്ഷേപിച്ചുകൊണ്ടുള്ള കുറിപ്പടികൾക്കായി ഇപ്പോഴും അച്ചുനിരത്തിക്കൊണ്ടിരിക്കുന്നു. എത്ര വിശാലമായ സഹിഷ്ണുത!

കൊച്ചിയിലെ പത്രസമ്മേളനത്തിനു പിന്നിൽ പ്രവർത്തിച്ച ബുദ്ധി യുക്തിവാദികളുടെയോ, സംഘ്പരിവാറിന്റെയോ ആവാനിടയില്ല. സമീപ കാലത്തുണ്ടായ പ്രശ്നങ്ങളിലെല്ലാം പ്രതിസ്ഥാനത്തു നിൽക്കുന്ന ചിലർ ഒപ്പിച്ച വിദ്യയാവണം ഇത്. പി.എ വാര്യരുടെ 'അനുഭവങ്ങൾ' എന്ന ലേഖനത്തിനും ക്രിസ്തുവിന്റെ 'ആറാം തിരുമുറിവ്' എന്ന നാടകത്തിനുമെതിരെ കുഞ്ഞാടുകളെ തെരുവിലിറക്കിയവർക്ക് ഇപ്പോഴുണ്ടായ ബോധോദയത്തിന്റെ കാരണമന്വേഷിക്കേണ്ടതുണ്ട്. തൊടുപുഴ ന്യൂമാൻ കോളേജിലെ വിവാദ ചോദ്യപേപ്പറിലോ പത്തനംതിട്ടയിൽ ഐ.പി.സി മിഷനറിമാർ വിതരണം ചെയ്ത 'ചിൻവാദ് പാല'ത്തിലോ മതനിന്ദയില്ലെന്നും അവ കേവലം മതവിമർശനം മാത്രമാണെന്നും കണ്ടെത്തിയവരുടെ ഗവേഷണ ബുദ്ധി സമ്മതിച്ചേ മതിയാകൂ. ദൈവം പ്രവാചകനെ (മുഹമ്മദ്) സഭ്യേതര ഭാഷയിൽ സംബോധന ചെയ്യുന്ന രൂപത്തിലുള്ള വിവാദ ചോദ്യത്തിൽ എവിടെയാണ് മതവിമർശനം? കുത്തും കോമയും ചേർത്ത് മാറ്റിയെഴുതാൻ മാത്രമായിരുന്നെങ്കിൽ ഇങ്ങനെയൊരു ചോദ്യം തന്നെ വേണമായിരുന്നോ?

സമീപകാലത്ത് ചില കേന്ദ്രങ്ങളുടെ ഇസ്‌ലാം വിരോധം പല രൂപത്തിൽ പ്രകടമാവുന്ന സംഭവങ്ങൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നത് ഖേദകരമാണ്. അധ്യാപികമാരായ കന്യാസ്ത്രീകൾക്ക് ശിരോവസ്ത്രമാവാം, വിദ്യാർഥിനികൾക്ക് അതായിക്കൂടാ എന്ന അലിഖിത നിയമം ആലപ്പുഴ ബിലീവേഴ്സ് ചർച്ച് സ്കൂളിൽ മാത്രമല്ല, കേരളത്തിലെ പല സ്വകാര്യ, സ്വാശ്രയ വിദ്യാലയങ്ങളിലുമുണ്ട്.

നൂറ്റാണ്ടുകളായി കേരളത്തിൽ നിലനിന്നു പോരുന്ന സൗഹൃദാന്തരീക്ഷം കാത്തുസൂക്ഷിക്കാൻ എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. അന്ധമായ വിദ്വേഷ പ്രചാരണങ്ങളോ, പരമത നിന്ദയോ ഒരു ബഹുമത സമൂഹത്തിൽ ആശാസ്യമല്ല. അത്തരം പ്രവണതകളെ ന്യായീകരിക്കുന്നതിനു പകരം, മുളയിലേ നുള്ളിക്കളയുകയാണ് സമാധാന കാംക്ഷികൾ ചെയ്യേണ്ടത്. ■

# അധിനിവേശമല്ല; അഭിനിവേശം മാത്രം

## അഡ്വ. അഹ്മദ് കുട്ടി പുത്തലത്ത്

**മുസ്‌ലിം** ജീവിതരീതിയിലും ആചാരങ്ങളിലും ഇസ്‌ലാമിന്റേത് കൂടാതെ അറബി ഭാഷയുടെ അധിനിവേശമുണ്ടോ? പലപ്പോഴും പലരും ചർച്ച ചെയ്തിട്ടുള്ള ഈ വിഷയത്തെക്കുറിച്ച് ആധികാരികമായ പഠനം നടന്നിട്ടുണ്ടോ എന്നറിയില്ല. ഏതായാലും അറബി ഭാഷയുടെ സ്വാധീനം മുസ്‌ലിംകളിലുണ്ടെങ്കിലും അത് അവരുടെ തനതായ സംസ്കാരത്തിൽ അധിനിവേശം നടത്തിയിട്ടുണ്ടെന്ന് പറയാവതല്ല. ദൈവമെന്ന പദം എന്തുകൊണ്ട് അല്ലാഹുവിന് പകരമായി സാധാരണയായി മുസ്‌ലിംകൾ ഉപയോഗിക്കുന്നില്ല എന്ന തികച്ചും ന്യായമായ ചോദ്യത്തിന് വളരെ വ്യക്തമായ മറുപടിയുണ്ട്. ഇത് ഭാഷയുടെ പ്രശ്നമല്ല. അല്ലാഹു എന്ന അറബി പദത്തിന്റെ പ്രത്യേകത കൊണ്ടാണ്. ദൈവത്തെ, സ്രഷ്ടാവിനെ സൂചിപ്പിക്കുന്ന ഈ പദം ലിംഗഭേദങ്ങൾക്കതീതമാണ്. ദൈവമെന്ന് പറയുമ്പോൾ ദേവിയെന്ന സ്ത്രീലിംഗമുള്ളതുപോലെ God എന്ന് പറഞ്ഞാലും Goddess എന്ന സ്ത്രീലിംഗം ഒരു ലിംഗഭേദമുള്ള ദൈവത്തെ സൂചിപ്പിക്കും. എന്നാൽ അല്ലാഹു എന്ന പദം അൽഇലാഹിൽ നിന്ന് ഉണ്ടായതാണ്. The God എന്നാണതിനർഥം. അപ്പോൾ ലിംഗഭേദങ്ങൾക്ക് അതീതനായ ഒരു ദൈവത്തെ സൂചിപ്പിക്കാൻ അല്ലാഹു എന്ന് തന്നെ പറയേണ്ടിവരുന്നു. അതുകൊണ്ട് തന്നെ ഇത് അറബി പ്രയോഗത്തിന്റെ അധിനിവേശമല്ല, മറിച്ച് മുസ്‌ലിം വിശ്വാസത്തിന്റെ ഒരു അനിവാര്യതയാകുന്നു.

നമ്മുടെ മാതൃഭാഷയുള്ളപ്പോൾ നാമെന്തിന് അറബി ഭാഷയിലുള്ള പ്രാർഥന ചൊല്ലണമെന്ന സ്വാഭാവികമായ സംശയം ചിലർക്കുണ്ട്. വാസ്തവത്തിൽ ദിവസത്തിൽ അഞ്ചുനേരമുള്ള പ്രാർഥന എല്ലാകാലത്തും ഒന്നായതിനാൽ അത് എഴുതപ്പെട്ട ഭാഷയിൽ തന്നെ നിർവഹിക്കേണ്ടതുണ്ട്. മുസ്‌ലിംകളുടെ നമസ്കാരം വെറും പ്രാർഥനയല്ല, അത് ഇസ്‌ലാമികമായ രീതിയിൽ ദൈവത്തിനുള്ള കീഴ്‌വണക്കമാണ്. അതിന് വ്യവസ്ഥാപിത രീതിയുള്ളതുകൊണ്ട് അതിൽ മാറ്റം വരുത്താൻ പറ്റില്ല. ഇവിടെയും പ്രാർഥനയിൽ അറബിയുടെ അധിനിവേശമല്ല നടക്കുന്നത്. ലോകത്തിന്റെ ഏതു ഭാഗത്തുള്ള വിശ്വാസിക്കും എവിടെ ഒത്തുകൂടിയാലും ഒരേപോലെ പ്രാർഥിക്കേണ്ടതുണ്ട്. ഒരേ പോലെ നമസ്കാരം നിർവഹിക്കേണ്ടതുണ്ട്. വർഷാ വർഷങ്ങളിൽ മക്കയിൽ ഹജ്ജ് നിർവഹിക്കാൻ ഒത്തുകൂടുന്ന വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിശ്വാസികൾ ഒരേ നേതൃത്വത്തിൽ ഒരേപോലെ നമസ്കരിക്കുന്നത് ഇതിന് ഏകീകൃത രൂപമുള്ളതുകൊണ്ടാണ്. വിവിധ ഭാഷകളിൽ പ്രാർഥന ചൊല്ലുമ്പോൾ അത് വിവിധ രൂപത്തിലും ഭാവത്തിലുമായിപ്പോകും. ഇവിടെ അറബി ഭാഷയല്ലാതെ മറ്റൊരു ഭാഷ പ്രായോഗികമാവുകയില്ല. നിശ്ചിത സമയങ്ങളിലുള്ള നമസ്കാരം കഴിഞ്ഞ് എല്ലാവരും പ്രാർഥിക്കുന്നത് അവനവന്റെ മാതൃഭാഷയിൽ തന്നെയാകുന്നു. ഇവിടെ അറബി വേണമെന്ന് ആരും ശഠിക്കാറില്ല. മലയാളം അറിയുന്നയാൾ മലയാളത്തിലും ഇംഗ്ലീഷുകാരൻ ഇംഗ്ലീഷിലും അറബി അറിയുന്നവൻ ആ ഭാഷയിലും പ്രാർഥിക്കട്ടെ! ഒരു ഭാഷയെയും അകറ്റി നിർത്തേണ്ടതില്ല.

പ്രാർഥനാ സമയമറിയിക്കാൻ പള്ളികളിൽനിന്ന് ബാങ്ക് വിളിക്കുന്നത് ഇപ്പോഴും അറബിയിൽ തുടരുന്നു. ഇവിടെയും അറബി ഭാഷയുടെ അധിനിവേശമല്ലേ കാണുന്നത് എന്ന ചോദ്യത്തിന് ഉത്തരം അല്ല എന്ന് തന്നെയാണ്. ബാങ്ക് നിശ്ചിത വാക്യമാണ്. അതിന്റെ തർജമ വിളിച്ചു പറയുക എന്നത്

പ്രായോഗികമാവില്ല. നാം ഒരു മുദ്രാവാക്യം വിളിക്കുമ്പോൾ അതിന്റെ അർഥത്തിലുള്ള മറ്റേതെങ്കിലും വാക്കുകൾ ഉപയോഗിച്ചാൽ മുദ്രാവാക്യത്തിന്റെ ആകർഷണവും ഭംഗിയും നഷ്ടപ്പെടുന്ന പോലെ ഇവിടെയും സംഭവിക്കും. 'ഇൻക്വിലാബ് സിന്ദാബാദ്', ഇത് മലയാളമല്ല. ഇൻക്വിലാബ് എന്നത് അറബി പദമാണ്. പക്ഷേ എല്ലാ പുരോഗമന പാർട്ടികളും ഇതുതന്നെ മുദ്രാവാക്യമായി ഉപയോഗിക്കുന്നു. ആരും അതിന്റെ മലയാള പരിഭാഷയല്ല ഉപയോഗിക്കുക. അങ്ങനെ പരിഭാഷ ഉപയോഗിക്കുക പ്രായോഗികമല്ല തന്നെ! പിന്നെ മലയാളത്തിലുള്ള ബാങ്ക് വിളി കേട്ടു ഇതര സമുദായക്കാർ പ്രാർഥനക്ക് വരും എന്നത് ഒരു മിഥ്യാ ധാരണ മാത്രമാണ്. ഇതിനെല്ലാം പുറമെ ഈ ബാങ്ക് ലോകത്തിന്റെ എല്ലാ ഭാഗത്തും ഒന്നുതന്നെയാണെന്നതാണ് അതിന്റെ പ്രത്യേകത. ദൈവ നാമവും നബിയുടെ നാമവും എല്ലാ സമയത്തും ലോകത്തിന്റെ ഏതെങ്കിലുമൊരിടത്ത് മുഴങ്ങിക്കൊണ്ടിരിക്കുന്ന രീതിയിലാണ് അത് സംവിധാനം ചെയ്തിരിക്കുന്നത്. ഒരു വിദേശി നമ്മുടെ നാട്ടിൽ വന്നാലും ഒരേ തരത്തിലുള്ള ബാങ്ക് കേൾക്കുന്നതല്ലേ കൂടുതൽ സുഖപ്രദം. ഇതിനെ പരിഭാഷപ്പെടുത്തി, കോലം കെടുത്തി, ഒരു പ്രാദേശിക ഏർപ്പാടാക്കി ചുരുക്കുന്നതെന്തിനാണ്! അതുകൊണ്ട് ഒരു ഗുണവും ആർക്കും ലഭിക്കുന്നില്ല. അതുമാത്രമല്ല അതിന്റെ ആഗോളാത്മകത നഷ്ടപ്പെടുകയും ചെയ്യും.

ഇസ്‌ലാമിലെ അഭിസംബോധന രീതിയാണ് എപ്പോഴും വിമർശനത്തിനിരയാകുന്ന മറ്റൊന്ന്. നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ എന്നത് അറബിയിൽ അസ്സലാമു അലൈക്കും എന്ന് പറയുന്നതെന്തിനാണെന്നാണ് ചോദിക്കുന്നത്. ഇതും സാർവദേശീയമായ ഒരഭിസംബോധന രീതിയാണ്. നമ്മളെന്തിനാണ് Good Morning എന്ന് പറയുന്നത്, പകരം സുപ്രഭാതം എന്ന് പറഞ്ഞാൽ പോരേ. ഇവിടെ ഇംഗ്ലീഷ് ഭാഷയുടെ അധിനിവേശം കാണാത്ത നമ്മൾക്കെങ്ങനെ അറബിഭാഷയുടെ അധിനിവേശം കാണാൻ കഴിയും? ലോകത്തെവിടെയും ആചരിക്കുന്ന ഈ രീതി നാം മലയാളികൾ എന്തിന് മാറ്റണം. ജാതിമതഭേദമന്യേ ആർക്കും ഉപയോഗിക്കാൻ പറ്റിയ ഒരു അഭിസംബോധന രീതിയാണ് അസ്സലാമു അലൈക്കും. ഏത് സന്ദർഭത്തിലും ഏതു സമയത്തും എവിടെവെച്ചും ഇത് പറയാം. അതൊരു സമുദായത്തിന്റെ മാത്രമായി ചുരുക്കുമ്പോഴാണ് അതിന്റെ സൗന്ദര്യം നഷ്ടപ്പെടുന്നത്. നാം മലയാളികൾ തമ്മിൽ കാണുമ്പോൾ 'സലാമുണ്ട്' എന്ന് പറയാറില്ലേ, ഇവിടെയുള്ള സലാം തന്നെയാണ് അസ്സലാമുവിലെയും സലാം. ലോകസംസ്കാരത്തിനും നാഗരികതക്കും സാഹിത്യത്തിനുമെല്ലാം ഒരുപാട് സംഭാവനകൾ ചെയ്ത അറബി ഭാഷക്ക് ഭ്രഷ്ട് കൽപിക്കുന്നത് ഒരുതരം ഫോബിയയല്ലേ! ഇങ്ങനെ പരിശോധിക്കുമ്പോൾ നമുക്ക് അറബിയോട് ഇത്തിരി അഭിനിവേശമുണ്ടെന്നല്ലാതെ, ഒരു തരത്തിലുമുള്ള ഭാഷാ അധിനിവേശവും ഇക്കാര്യത്തിലില്ല! ■

# ഖുർആൻ പരിഭാഷയിൽ രാഷ്ട്രീയം കടന്നതെങ്ങനെ?

## അബ്ദുല്ലത്വീഫ് കൊടുവള്ളി

**'മതവും** രാഷ്ട്രയീവും രണ്ടും രണ്ടായിട്ട് ബാക്കി കാര്യം' എന്ന രീതിയിൽ മതേതരക്കാരേക്കാൾ വീറും വാശിയും കാണിക്കുന്നവരാണ് കേരളത്തിലെ മുജാഹിദ് വിഭാഗങ്ങൾ. കേരളത്തിലെ ആനുകാലിക രാഷ്ട്രീയ വിവാദത്തിലും ഈ 'മുറിത്തുണ്ടൻ' ഇസ്‌ലാമുമായി അവർ ഇസ്‌ലാംവിരുദ്ധർക്ക് ഒത്താശ ചെയ്യുന്നുണ്ട്. ജമാഅത്തെ ഇസ്‌ലാമിയെ ഒറ്റപ്പെടുത്തുന്ന (തൗഹീദ്) വിഷയമായതിനാൽ ഏതു ഇസ്‌ലാംവിരുദ്ധരുമായും കൂട്ട് (ശിർക്ക്) ആവാമെന്നതിനാൽ പുതിയ പടയൊരുക്കത്തിൽ അത്ഭുതമൊന്നുമില്ല.

ഇതിനിടയിൽ, അറിഞ്ഞോ അറിയാതെയോ ഇസ്‌ലാമിനും ഖുർആനും അവർ നൽകിയ കിടിലൻ വ്യാഖ്യാനം വായനക്കാർ മനസ്സിലാക്കുന്നത് നന്നായിരിക്കും. 'രാഷ്ട്രീയ ഇസ്‌ലാമു'കാരായ മൗദൂദിയും ബന്നായും തോറ്റുപോകുന്ന രീതിയിൽ അതിമനോഹരവും സത്യസന്ധവുമായ ഒരു

രാഷ്ട്രീയ വ്യാഖ്യാനം അവർ നൽകിയിരിക്കുന്നു. ഹി. 1417-ൽ സുഊദി അറേബ്യയിലെ ഇസ്ലാമിക് അഫയേഴ്സ്, എൻഡോവ്മെന്റ്സ്, ദഅ്‌വാ ആന്റ് ഗൈഡൻസ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചതും ചെറിയമുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പറപ്പൂർ എന്നിവർ പരിഭാഷപ്പെടുത്തിയതും കെ.പി മുഹമ്മദ് ബിൻ അഹ്മദ് പരിശോധിച്ചതുമായ 'വിശുദ്ധ ഖുർആൻ: സമ്പൂർണ മലയാള പരിഭാഷ' എന്ന കൃതിയുടെ മുഖവുരയിൽനിന്നുള്ള ചില ഭാഗങ്ങൾ കാണുക:

"വിശുദ്ധ ഖുർആനിലെ ഓരോ വചനവും ഓരോ അധ്യായവും അവതരിപ്പിക്കപ്പെടുന്നതോടെ അവയുടെ ഉള്ളടക്കത്തിന്റെ തനിപ്പകർപ്പായ ഒരു സമൂഹം വളർന്നുവരികയായിരുന്നു. അങ്ങനെ വിശുദ്ധ ഖുർആൻ ഒരു പൂർണ ഗ്രന്ഥമായി മാനവരാശിക്ക് ലഭിക്കുമ്പോഴേക്കും നാഗരികതയുടെ ചരിത്രത്തിൽ തുല്യതയില്ലാത്ത ഒരു യുഗപ്പകർച്ചക്ക് അറേബ്യൻ അർധദ്വീപ് സാക്ഷ്യം വഹിച്ചുകഴിഞ്ഞിരുന്നു. സ്വന്തം ജീവിതം വിശുദ്ധ ഖുർആന് അനുരൂപമാക്കിത്തീർത്ത പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് നബി(സ)യും ഉത്തമരായ അനുയായികളും നാഗരിക വികാസത്തിന്റെ ഭൗതികവ്യവസ്ഥകളെ അതിലംഘിച്ചുകൊണ്ട് സമകാലീന നാഗരികതയുടെ ശിഖരങ്ങളെ– ഗ്രീക്ക്, റോമൻ, പേർഷ്യൻ പ്രഭാവത്തിന്റെ പരമോന്നതികളെ അതിവർത്തിച്ചു.... തീർത്തും പ്രാകൃതരായിരുന്ന അറേബ്യൻ ജനസാമാന്യത്തെ ഏതു മാനദണ്ഡമനുസരിച്ചും സർവോത്കൃഷ്ടമായ ഒരു സമൂഹമായി പരിവർത്തിപ്പിക്കുകയാണ് വിശുദ്ധ ഖുർആൻ ചെയ്തത്; കേവലം കാൽനൂറ്റാണ്ടിൽ താഴെ വരുന്ന ഒരു കാലയളവുകൊണ്ട്. നാഗരികതയുടെ നിദാന ശാസ്ത്രങ്ങളുടെ മുഴുവൻ പിൻബലമുള്ള വിദഗ്ധന്മാരുടെ ഒരു വലിയ സംഘത്തിനു പോലും സാധിക്കാത്ത കാര്യമാണ് വിശുദ്ധ ഖുർആന്റെ പിൻബലത്തോടെ മുഹമ്മദ് നബി(സ)ക്ക് സാധിച്ചത്.....

ഈ ഭൂമിയിൽ മറ്റു ജന്തുജാലങ്ങൾക്കൊന്നും നൽകിയിട്ടില്ലാത്ത സവിശേഷമായ ഒരു സ്ഥാനം മനുഷ്യന് ദൈവം നൽകിയിരിക്കുകയാണെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. ഒരിടത്ത് (33:72) ആ സ്ഥാനത്തെ വിശുദ്ധ ഖുർആൻ വിളിക്കുന്നത് അമാനത്ത് അഥവാ ഉത്തരവാദിത്വം എന്നാണ്. ആ സ്ഥാനം നൽകപ്പെട്ട മനുഷ്യന്റെ അവസ്ഥയെ ഖലീഫത്തുൻ ഫിൽ അർളി (ഭൂമിയിൽ ഒരു സ്ഥാനപതി) എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്..... മനുഷ്യമോചനത്തെ സംബന്ധിച്ച് രണ്ടുതരം കാഴ്ചപ്പാടുകളാണ് മാനവരാശിയുടെ മുമ്പിലുള്ളത്. ഒന്ന് ഭൗതികമോചനത്തിന്റേതും മറ്റൊന്ന് ആത്മീയ മോചനത്തിന്റേതും. രാഷ്ട്രീയ സിദ്ധാന്തങ്ങൾ വളർന്നു വന്നിട്ടുള്ളതത്രയും ഭൗതികമോചനം ലക്ഷ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ്. ഒരു ഭരണകൂടത്തിന്റെ തിന്മകളെ തിരുത്താൻ വേണ്ടി തിന്മ നിറഞ്ഞ ബദൽ തന്നെ നിർദേശിക്കപ്പെടുന്നു. അങ്ങനെ ഒരു മന്തു കാലിനു ബദൽ മന്തു കാലുകൾ അവതരിപ്പിക്കുന്നവർ രാഷ്ട്രീയ രംഗത്ത് അരങ്ങുതകർക്കുന്നു. അടിമത്തത്തിൽനിന്നും പാരതന്ത്ര്യത്തിൽനിന്നും പട്ടിണിയിൽനിന്നുമുള്ള മോചനം സ്വപ്നം കാണുന്ന ബഹുജനങ്ങൾ പുതിയ രാഷ്ട്രീയ നായകന്മാരെ ആകാംക്ഷാപൂർവം ഉറ്റു നോക്കുന്നു. വിമോചനനായകൻ ഏറെ താമസിയാതെ മർദകവീരനെന്ന് തെളിയുന്നു. ബഹുജനം പുതിയ വിമോചന നായകനെ തേടുന്നു.

ആത്മീയ മോചനത്തിന്റെ ചിത്രവും ഇതിൽനിന്ന് ഏറെ വ്യത്യസ്തമല്ല. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് ആത്മീയമോക്ഷം മാത്രമേ പരിഹാരമുള്ളൂ എന്ന് വാദിച്ചവർ എക്കാലത്തും ഉണ്ടായിരുന്നു. പക്ഷേ, മനുഷ്യന്റെ പച്ചയായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കാനോ ബഹുജനം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനോ ആത്മീയവാദികൾക്ക് മിക്കപ്പോഴും സാധിച്ചില്ല. അതുകൊണ്ടുതന്നെ ബുദ്ധിജീവികളിൽ ഒരു വിഭാഗത്തെ മാത്രം സ്വാധീനിക്കുന്ന, സാധാരണക്കാരന്റെ താൽപര്യങ്ങൾ ഉണർത്താനാകാത്ത ഒരു പ്രസ്ഥാനമായി ഒതുങ്ങിക്കഴിയാനായിരുന്നു ആത്മീയവാദത്തിന്റെ വിധി. കാരണം, ശരീരത്തിന്റെ വിശപ്പും വേദനകളും പരിഹരിക്കാതെ ആത്മീയ വിമോചനം അസാധ്യമാണെന്ന വസ്തുത ആത്മീയവാദം വിസ്മരിച്ചുകളഞ്ഞു.

വിശുദ്ധ ഖുർആനിലെ മനുഷ്യമോചനം ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ തലങ്ങളെ സമന്വയിപ്പിക്കുന്നതാണ്. സുന്ദരവും സുഖകരവുമായ ഭൗതികവസ്തുക്കളെ ദൈവത്തിന്റെ ദാനമായിക്കണ്ട് കൃതജ്ഞതാപൂർവം ഉപയോഗപ്പെടുത്താൻ പഠിപ്പിക്കുന്ന വിശുദ്ധ ഖുർആൻ ജീവിതനിരാസത്തെ ശക്തിയായി എതിർക്കുന്നു......

മനുഷ്യമോചനത്തിനു വേണ്ടി നിലകൊള്ളുന്ന ഭൗതിക പ്രസ്ഥാനങ്ങളെ അപഗ്രഥനവിധേയമാക്കി നോക്കിയാൽ നമ്മുടെ ശ്രദ്ധയിൽ പെടുന്ന ഒരു സുപ്രധാന വസ്തുത മനുഷ്യനെ എന്തിൽനിന്ന്

എങ്ങനെ മോചിപ്പിക്കണം എന്നതിനെപ്പറ്റി അവക്ക് സമഗ്രമായ കാഴ്ചപ്പാടില്ലെന്നതാണ്. അടിമത്തത്തിൽനിന്ന് മനുഷ്യരെ മോചിപ്പിക്കാൻ വേണ്ടി രംഗത്തുവന്ന പ്രസ്ഥാനങ്ങളുണ്ട്. പക്ഷേ സ്വതന്ത്രനായ മനുഷ്യന്റെ പല സങ്കീർണ പ്രശ്നങ്ങളും ആ പ്രസ്ഥാനങ്ങളുടെ പരിധിക്ക് പുറത്ത് അപരിഹാര്യമായി അവശേഷിച്ചു. പട്ടിണി പരിഹരിക്കാമെന്നു പറഞ്ഞ് രംഗത്തുവന്ന സോഷ്യലിസവും കമ്യൂണിസവും മറ്റും തന്നെ ചുരുങ്ങിയത് പട്ടിണിയെ തുരത്തുന്ന കാര്യത്തിൽ പോലും പരാജയപ്പെട്ട് പിൻമാറിയ വസ്തുത ഇന്ന് അനിഷേധ്യമാണല്ലോ. ചൂഷണത്തിൽനിന്നും പാരതന്ത്ര്യത്തിൽനിന്നും ജനപദങ്ങളെ മോചിപ്പിക്കാൻ വേണ്ടി കാലാകാലങ്ങളിൽ രംഗത്തുവന്ന പല പ്രസ്ഥാനങ്ങളുടെ കഥയും വ്യത്യസ്തമല്ല. എന്താണ് ചൂഷണം, എന്താണ് സേവനം എന്ന് നിർണയിക്കാൻ പോലും കഴിയാതെ പ്രസ്ഥാനങ്ങളും പ്രാസ്ഥാനികരും കുഴങ്ങുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.... ഏത് നീതിസംഹിത നിലവിൽ വന്നാലും മാനവിക പ്രതിസന്ധികൾ നിലനിൽക്കും. നിയമങ്ങളെയും അനുശാസനങ്ങളെയും മറികടന്നുകൊണ്ട് പാരതന്ത്ര്യവും ഔപചാരികവും അനൗപചാരികവുമായ അടിമത്തവും പട്ടിണിയും നിലനിൽക്കും. ഇന്ന് മുതലാളിത്ത ലോകത്തും സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ഒരുപോലെ പ്രതിസന്ധികൾ നിലനിൽക്കുന്നുണ്ട്. ആദർശപ്രചോദിതരായ മനുഷ്യരുടെ കൂട്ടായ്മകൊണ്ട് മാത്രമേ പ്രതിസന്ധി തരണം ചെയ്യാൻ കഴിയൂ എന്ന് വിശുദ്ധ ഖുർആൻ ശക്തിയുക്തം പഠിപ്പിക്കുന്നു. അധികാരവും പ്രതാപവുമുള്ള മനുഷ്യർ അതൊന്നുമില്ലാത്തവരുടെ മേൽ അടിച്ചേൽപിക്കുന്ന പാരതന്ത്ര്യവും, സമ്പത്തും അധികാരശക്തിയും ഉള്ളവർ അതൊന്നുമില്ലാത്തവരുടെ മേൽ അടിച്ചേൽപിക്കുന്ന പട്ടിണിയുമാണ് പ്രധാനമായും പ്രതിസന്ധിയൊരുക്കുന്നത്. അതിൽനിന്നുള്ള മോചനത്തിന് ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ആദർശാത്മക യത്നമല്ലാതൊന്നും ഫലപ്രദമല്ലെന്നു വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. ഇങ്ങനെ ഭൗതികമായ പാരതന്ത്ര്യങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാനുള്ള യത്നത്തിന് ഖുർആന്റെ ഭാഷയിൽ 'തഹ്‌രീർ' എന്നു പേരു പറയുന്നു. 'തസ്കിയത്തും തഹ്‌രീറും' സമന്വയിപ്പിച്ചുകൊണ്ടുള്ള മനുഷ്യമോചനം സംബന്ധിച്ച വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് പകരം വെക്കാവുന്ന യാതൊന്നും മനുഷ്യ കൃതികളിൽ കാണാനാവില്ല."

* * * * * *

മേൽ ഭാഗവും അതിനു വിരുദ്ധമായ സാധാരണ മുജാഹിദ് വാദങ്ങളും വായിച്ചയാൾക്ക് സ്വാഭാവികമായുമുണ്ടാകുന്ന ചില സംശയങ്ങൾ:

1. നബിയും അനുചരന്മാരും ഗ്രീക്ക്, റോമൻ, പേർഷ്യൻ നാഗരികതകളെ അതിജീവിച്ചുയർന്നെങ്കിൽ അതിനു തക്ക നാഗരിക ഉള്ളടക്കം ഇസ്‌ലാമിനും ഖുർആനും ഉണ്ടാവേണ്ടതല്ലേ? ആത്മീയാംശം മാത്രമായ ഉള്ളടക്കത്താൽ സാമ്രാജ്യങ്ങളെ കീഴടക്കാൻ പറ്റുമോ? നാഗരികാതിവർത്തനം നബിതിരുമേനിയുടെ ലക്ഷ്യം തന്നെയായിരുന്നു എന്നല്ലേ മനസ്സിലാവുന്നത്.

2. തിന്മകൾ മാറുന്നു എന്നല്ലാതെ യഥാർഥത്തിൽ ഭരണം മാറുന്നില്ല. 'മന്ത് ഒരു കാലിൽനിന്ന് മറ്റേ കാലിലേക്ക് മാറുന്നു എന്നേയുള്ളൂ' എന്ന പ്രയോഗം, 'ലാത്ത പോയി മനാത്ത വന്നു' എന്ന മൗദൂദിയൻ പ്രയോഗത്തിന്റെ മറ്റൊരു ഭാഷ്യം തന്നെയല്ലേ?

3. വിമോചന നായകന്മാരായി രംഗത്തുവരുന്നവർ മർദക വീരന്മാരാണെന്ന് വർത്തമാനകാല കേരള സാഹചര്യത്തിൽ പോലും പകൽവെളിച്ചം പോലെ വ്യക്തമാകുമ്പോൾ അതിനെതിരെ ഇസ്‌ലാമിന്റെയും ഖുർആന്റെയും വിമോചന മൂല്യം നാം താത്ത്വികമായും പ്രായോഗികമായും എടുത്തു കാട്ടേണ്ടതില്ലേ? ഈയൊരുവശം കൂടി എടുത്തു കാണിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ മതത്തെ രാഷ്ട്രീയത്തിലേക്കിറക്കി വഷളാക്കി എന്ന് വിമർശിക്കുന്ന മുജാഹിദ് രീതി ശരിയോ?

4. ഖുർആൻ പരിഭാഷയുടെ മുഖവുരയിൽ സോഷ്യലിസവും കമ്യൂണിസവും മുതലാളിത്തവും കടന്നുവന്നതിന്റെ പ്രസക്തിയെന്ത്? മനുഷ്യ നിർമിത പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടെന്ന് പറഞ്ഞാൽ മതിയോ, അതിനു പകരം പ്രകൃതിമതമായ ഇസ്‌ലാമിന്റെ വിമോചനമൂല്യം ജനങ്ങളിലെത്തിക്കേണ്ടതില്ലേ?

മുജാഹിദ് പ്രസ്ഥാനത്തിന്റെ ഈ വിഷയകമായ നിലപാടുകൾ മുന്നിൽവെച്ചാണ് മേൽ സംശയങ്ങൾ ഉന്നയിച്ചതെങ്കിലും വളരെ മൗലികവും പഠനാർഹവുമാണ് പ്രസ്തുത മുഖവുര എന്ന കാര്യത്തിൽ ഒട്ടുമേ സംശയമില്ല. ■